(ഡി) നാലാം പദ്ധതിയുടെ രൂപരേഖ തയാറാക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട മാനദണ്ഡങ്ങളും കേന്ദ്രഗവണ്മെന്റ് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഈ) ഉണ്ടെങ്കിൽ അവ എന്തെല്ലാമാണ് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) നാലാം പഞ്ചവത്സരപദ്ധതിയുടെ രൂപീകരണത്തിന്റെ പ്രാരംഭ നടപടിയെന്ന നിലയിൽ നാലാം പദ്ധതി തയാറാക്കുന്നതിനു് ആവശ്യമായ സ്ഥിതിവിവരക്കണക്കുകളും ശേഖരിച്ചു് ഡിപ്പാർട്ടുമെന്റു് അദ്ധ്യക്ഷന്മാർക്കും പദ്ധതി രൂപീകരണം സംബന്ധിച്ച ബന്ധപ്പെട്ട മറ്റു് ഉദ്യോഗസ്ഥന്മാർക്കും നൽകിയിട്ടുണ്ടു്.

നാലാം പദ്ധതിയിൽ ഉൾക്കൊള്ളിക്കേണ്ട സ്കീമുകളെപ്പറ്റി ചർച്ചചെയ്തു് പ്രാരംഭറിപ്പോർട്ടു് സമർപ്പിക്കുന്നതിനു് വിവിധ വിഭാഗങ്ങളിലായി 28 വർക്കിംഗ് ഗ്രൂപ്പുകളും സംഘടിപ്പിച്ചിട്ടുണ്ടു്. വർക്കിംഗ് ഗ്രൂപ്പുകളുടെ ലിസ്റ്റു് മേശപ്പുറത്തുവെച്ചിട്ടുണ്ടു്. †

(ബി) പ്ലാനിംഗ് ബോർഡ് രൂപീകരിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

(സി, ഡി) ഇല്ല.

(ഈ) ചോദ്യം ഉദിക്കുന്നില്ല.

ജൂനിയർ കോളേജുകളും ആരംഭിക്കുവാനുള്ള അപേക്ഷകളും.

* 3. [34] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തു് എത്ര ജൂനിയർ കോളേജുകളാണു് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതു് ;

(ബി) ഇതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടു് ;

(സി) തൊടുപുഴ ടൗണിൽ ഒരു ജൂനിയർ കോളേജു് ആരംഭിക്കുന്നതിനു അനുമതി ആവശ്യപ്പെട്ടുകൊണ്ടു് ബഹുമാനപ്പെട്ട കോതമംഗലം ബിഷപ്പു് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) എത്രയെന്നു് ഇതുവരെ യൂണിവേഴ്സിറ്റി തീരുമാനിച്ചിട്ടില്ല.

(ബി) ആകെ 90 അപേക്ഷകൾ സർവ്വകലാശാലയ്ക്കു് ലഭിച്ചിട്ടുണ്ടു് ;

(സി) ഉണ്ടു്.

(ഡി) മറ്റു് അപേക്ഷകളെ പോലെ ഈ അപേക്ഷയും യൂണിവേഴ്സിറ്റിയുടെ പരിഗണനയിലിരിക്കുകയാണു്.

UNSTARRED QUESTIONS AND ANSWERS POSTED FOR ANSWER ON 27TH JANUARY 1964.

മദ്യനിരോധനം.

3. [7] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സ്റ്റേറ്റിൽ മദ്യനിരോധനം പിൻവലിക്കുകയോ അയവു വരുത്തുകയോ ചെയ്യുവാൻ പോകുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ചു് പുനരാലോചനചെയ്യാൻ കേന്ദ്രത്തിൽ നിന്നു് വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ ; സ്റ്റേറ്റു് ഗവണ്മെന്റു് വല്ല നിർദ്ദേശവും കേന്ദ്രത്തിനു നൽകിയിട്ടുണ്ടോ ?

---

* Appendix V.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) ഇൻഡ്യാ ഗവണ്മെൻറ് നിശ്ചയിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം മദ്യനിരോധനത്തിന്റെ എല്ലാ വശങ്ങളേയുംപറ്റി ആലോചിക്കുന്നതാണ്.

(ബി) ഇല്ല.

Mr. Speaker : Order, order. Question time is over.

ADJOURNMENT MOTIONS

I. Satyagraha of the Kerala State Transport Workers at the Secretariat Gates.

Mr. Speaker : I have received notices of a few adjournment motions. Shri E P. Gopalan has given notice of an adjourn-
9 a. m. ment motion regarding the Satyagraha of Kerala State Transport Workers at the Secretariat Gates. I call upon the Hon. Minister for Transport and Labour to state the facts.

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

സർ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള ട്രാൻസ്പോർട്ട് വകുപ്പിലെ ഒരു യൂണിയന്റെ ഡിമാൻറുകളെ സംബന്ധിച്ചും അതിനെ സംബന്ധിച്ച് സക്കാരിനെതിരായി അവർ തുടങ്ങിയിട്ടുള്ള സത്യാഗ്രഹത്തെ സംബന്ധിച്ചുമുള്ളതാണ് ഈ അടിയന്തിരപ്രമേയം. സർ, കേരള സ്റ്റേറ്റിലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ് ഒരു ഗവണ്മെൻറ് വകുപ്പാണെന്നുള്ള വസ്തുത ഈ സഭയിലുള്ള എല്ലാവർക്കും അറിവുള്ളതാണെന്നു ഞാൻ കരുതുന്നു. ഇതിലെ സകല ഉദ്യോഗസ്ഥന്മാരും ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാരും ഗവണ്മെൻറിലെ എല്ലാ നിയമങ്ങൾക്കും എന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾക്കും വിധേയരുമാണ്. സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പള കാര്യങ്ങൾ പൊതുവെ മറ്റു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളപരിഷ്ക്കാരം ചെയ്തതോടൊപ്പം പരിഷ്ക്കരിച്ചിട്ടുണ്ട്. അതിനുശേഷം ഇതിൽ രണ്ടു മൂന്നു യൂണിയൻ ഉണ്ടായിട്ടുണ്ട്. ആ യൂണിയനുകളിൽനിന്നും ഇടക്കിടയ്ക്ക് ആവശ്യങ്ങളും ഡിമാൻറുകളും വരാറുണ്ട്. ആ ഡിമാൻറുകൾ പരിശോധിച്ച് അവരുമായി സംഭാഷണം നടത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. യൂണിയൻ അതു സമ്മതിക്കാറുമുണ്ട്. അതുപോലെ ഈ യൂണിയനിൽനിന്നും ഡിമാൻറുകൾ പലതും വന്നിട്ടുണ്ട്. അവർ തന്ന ഡിമാൻറുകളുടെ എണ്ണം ഏതാണ്ട് മുപ്പതു മുപ്പത്തഞ്ചിൽ കൂടുതൽ ഉണ്ട്. ഉദ്യോഗസ്ഥന്മാരുടെ എണ്ണം കൂട്ടണം, അൽപ്പസ്വൽപ്പം ശമ്പളം കൂട്ടണം, മറ്റു ചില ആനുകൂല്യങ്ങൾ കൊടുക്കണം, തുടങ്ങിയവയാണ് ഡിമാൻറുകളിൽ മിക്കതും. അതെല്ലാം സ്വാഭാവികമായിട്ടുള്ളതാണ്. വലിയ തെറ്റു പറഞ്ഞിട്ടു കാര്യമില്ല. പക്ഷേ ഈ യൂണിയനുകൾ ആവശ്യപ്പെടുന്ന ഡിമാൻറുകൾ അങ്ങനെ കണ്ണുമടച്ചു കൊടുക്കുവാൻ സാദ്ധ്യമല്ല. വിശദമായി പരിശോധിക്കേണ്ട സംഗതിയാണ് അതു്. സാമ്പത്തികമായ നിലയിൽ എന്തെല്ലാം കൊടുക്കേണ്ടിവരും, സക്കാരിന്റെ ഒരു വിഭാഗം തൊഴിലാളികൾക്ക് ഈ ആനുകൂല്യങ്ങൾ നൽകുമ്പോൾ മറ്റു വിഭാഗം ഉദ്യോഗസ്ഥന്മാർ എന്തെല്ലാം ആവശ്യപ്പെടാം, ഇതെല്ലാം ആലോചിക്കേണ്ടതുണ്ട്. അതുകൊണ്ട് ഇതിനെല്ലാം ഉത്തരവാദപ്പെട്ട സക്കാരിനു ഉടനടി ഈ ഡിമാൻറുകൾ അംഗീകരിച്ചുകൊടുക്കുവാൻ സാദ്ധ്യമല്ല. ഈ വസ്തുത അവർക്കും അറിയാം, സക്കാരിനും അറിയാം, സമാജികന്മാർക്കും അറിയാം. ഈ ഡിമാൻറുകളെ സംബന്ധിച്ച് കുറേ മുമ്പേ പരിശോധിക്കുകയുണ്ടായി, ചർച്ചകൾ നടത്തി ഒരു തീരുമാനമെടുത്തശേഷം 23-ാം തീയതി വീണ്ടും കൂടി ചർച്ച നടത്തുകയുണ്ടായി. അപ്പോൾ മണി ഒന്നായതുകൊണ്ട് ബാക്കി ചർച്ച ഇന്നത്തേക്ക് മാറ്റിവച്ചിരിക്കുകയാണ്. ഇവിടെ ജോലിചെയ്യുന്ന ആളുകൾ യാതൊരു തരത്തിലും അരിഷ്ടിച്ചു, കഷ്ടിച്ചു ബുദ്ധിമുട്ടിക്കൊണ്ട് സേവനം ചെയ്തുകൊള്ളണമെന്നു സർക്കാരിനു്

LIBRARY ARCHIVES Kerala Legislative Assembly